(സി) ഇതിൽ ആനുപാതികമായി തിരുവനന്തപുരം സിറ്റി പോലീസിനനുവദിച്ച തുക കുറഞ്ഞുപോയി എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആവശ്യമായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഇക്കഴിഞ്ഞ സാമ്പത്തിക വർഷം ജില്ലാ പോലീസിന് 88,86,000 രൂപയും ബറ്റാലിയനുകൾ, ക്രൈംബ്രാഞ്ച്, സ്പെഷ്യൽ ബ്രാഞ്ച് മറ്റ് സ്പെഷ്യൽ യൂണിറ്റുകൾക്കു വേണ്ടി 60,23,000 രൂപയും മെഡിക്കൽ റീ ഇംപേഴ്സ്മെന്റിന്റെ ഇനത്തിൽ അനുവദിച്ചിട്ടുണ്ട് (ആകെ രൂപ 1,49,09,000) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

തിരുവനന്തപുരം സിറ്റി	..	6,20,600 രൂപ
തിരുവനന്തപുരം റൂറൽ	..	5,02,000 ,,
കൊല്ലം	..	7,22,500 ,,
ആലപ്പുഴ	..	6,66,000 ,,
കോട്ടയം	..	3,62,000 ,,
പത്തനംതിട്ട	..	3,60,000 ,,
ഇടുക്കി	..	5,62,000 ,,
എറണാകുളം സിറ്റി	..	7,62,000 ,,
എറണാകുളം റൂറൽ	..	5,42,000 ,,
തൃശ്ശൂർ	..	4,16,000 ,,
പാലക്കാട്	..	4,60,000 ,,
മലപ്പുറം	..	6,65,500 ,,
കോഴിക്കോട് സിറ്റി	..	3,63,500 ,,
കോഴിക്കോട് റൂറൽ	..	3,71,500 ,,
കണ്ണൂർ	..	6,60,500 ,,
വയനാട്	..	2,48,900 ,,
കാസർഗോഡ്	..	3,26,000 ,,
ആകെ	..	88,11,000 ,,

(സി, ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജില്ലകൾ ആവശ്യപ്പെടുന്നതും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ചാണ് തുക അനുവദിക്കുന്നത്.

പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

33 [5176] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 8 മണിക്കൂർ ഷിഫ്റ്റ് സമ്പ്രദായം ഏതെങ്കിലും പോലീസ് സ്റ്റേഷനുകളിൽ നിലവിലുണ്ടോ;

(സി) എങ്കിൽ എത്ര സ്റ്റേഷനുകളിൽ എന്നും ഇല്ലെങ്കിൽ നടപ്പാക്കാൻ നിർദ്ദേശം നൽകുമോ എന്നും അറിയിക്കുമോ;

(ഡി) പോലീസ് സേനാംഗങ്ങളെ സ്വന്തം ജില്ലയിൽ ജോലി ചെയ്യാൻ അനുവദിക്കാത്തതുമൂലമുള്ള പ്രായോഗിക വൈഷമ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുവാൻ ഉതകുംവിധം സ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ കൗണ്ടർ സമ്പ്രദായം നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം സ്റ്റേഷുകളിൽ എന്ന് വ്യക്തമാക്കുമോ;

(ജി) പോലീസിന് ലഭിക്കുന്ന പരാതികൾക്ക് രസീതും മറുപടിയും നൽകാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) വനിതാ പോലീസ് സേനയിലെ അംഗങ്ങൾക്ക് ഗർഭകാലഘട്ടത്തിൽ സാരി ധരിക്കാൻ അനുവാദം നിലവിലുണ്ടോ; ഇല്ലെങ്കിൽ അനുവാദം നൽകുമോ?

ഉത്തരം

(എ) സംസ്ഥാന പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റിയിലെ 17 പോലീസ് സ്റ്റേഷനുകളിൽ ക്രൈം ഇൻവെസ്റ്റിഗേഷൻ, ക്രമസമാധാനപാലനം എന്നിവ ഓരോ സബ് ഇൻസ്പെക്ടർമാരുടെ ചുമതലയിൽ രണ്ട് വിഭാഗങ്ങളായി പ്രവർത്തിച്ചുവരുന്നു. ഇത് വിജയിച്ചാൽ കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി എന്നീ നഗരങ്ങളിലേക്കു കൂടി വ്യാപിപ്പിക്കുന്നതാണ്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ട്രാഫിക് പെരുപ്പം കണക്കിലെടുത്ത് കേരള പോലീസിൽ ഒരു പ്രത്യേക ട്രാഫിക് വിഭാഗം രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

പോലീസ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി പഴയ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെ പുനരുദ്ധാരണം, വിവിധ പോലീസ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം ലോവർ ആന്റ് അപ്പർ സബോർഡിനേറ്റ് ഉദ്യോഗസ്ഥർക്ക് ക്വാർട്ടേഴ്സ് നിർമ്മാണം എന്നിവയ്ക്കും വാഹനങ്ങളും ആയുധങ്ങൾ ഉപകരണങ്ങൾ ആധുനിക സയന്റിഫിക് ഇൻവെസ്റ്റിഗേഷനുള്ള ഉപകരണങ്ങൾ പോലീസ് ടെലികോം യൂണിറ്റിലേയ്ക്കുള്ള വാർത്താവിനിമയ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയതായി കോസ്റ്റൽ പോലീസ് രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി, സി) 8 മണിക്കൂർ ജോലി സമ്പ്രദായം 72 പോലീസ് സ്റ്റേഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിരുന്നു. എന്നാൽ 3 ഷിഫ്റ്റ് ആയി പ്രവർത്തിക്കാൻ വേണ്ട അംഗസംഖ്യ ലഭ്യമല്ലാത്തതിനാൽ അതിനുപകരം പോലീസുകാരുടെ ജോലിഭാരം

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെ കുറയ്ക്കുവാൻ സാധിക്കുമെന്നതിനെക്കുറിച്ച് ഐ.ജി.പി. ക്രൈംസ് അദ്ധ്യക്ഷനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് പഠനം നടത്തുകയും ടി കമ്മിറ്റിയുടെ ശുപാർശകൾ വിശദമായി പരിശോധിച്ച് 8 മണിക്കൂർ ജോലി സമ്പ്രദായം എന്നതിനു പകരം 8 മണിക്കൂർ കൊണ്ടവസാനിക്കുന്ന ജോലികൾ തിരിച്ചറിഞ്ഞ് അവ പോലീസുകാർക്ക് തുല്യമായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി താഴെക്കിടയിലുള്ള പോലീസുദ്യോഗസ്ഥർക്ക് ജോലിഭാരം കുറയുന്നതാണ്. ഈ പരിഷ്കാരം 16-6-2003-ൽ നിലവിൽ വന്നു. ഇതിന്റെ നടത്തിപ്പ് 3 മാസം കഴിഞ്ഞ് പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി, ഇ) പോലീസ് സേനാംഗങ്ങളെ അതാത് റവന്യൂ ജില്ലകളിൽ തന്നെയാണ് നിയമിച്ചുവരുന്നത്. പോലീസ് സേനാംഗങ്ങളുടെ സ്വന്തം ആവശ്യപ്രകാരവും അച്ചട ക്കനടപടിയുടെ ഭാഗമായും പൊതുതാല്പര്യപ്രകാരവുമാണ് അന്തർ ജില്ലാ ട്രാൻസ്ഫർ നടത്തുന്നത്.

(എഫ്) സംസ്ഥാനത്ത് 120 പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ കൗണ്ടർ സംവിധാനം നിലവിലുണ്ടായിരുന്നു. ഇത് നിർത്തലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടു വിച്ചിട്ടില്ല. പോലീസ് മാന്വലിൽ അനുശാസിക്കുന്ന പ്രകാരം ആംഡ് പോലീസ് ഗാർഡ് നിലനിർത്തിയിട്ടുണ്ട്.

(ജി) പരാതികൾ സ്വീകരിച്ച് രസീതും മറുപടിയും നൽകിവരുന്നുണ്ട്.

(എച്ച്) വനിതാ പോലീസ് സേനയിലെ അംഗങ്ങൾക്ക് ഗർഭകാലത്ത് സാരി ധരിക്കുന്നതിന് അനുവാദം നൽകുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം എടുക്കാൻ അതാത് ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

പിൻവലിക്കപ്പെട്ട കേസുകൾ

34 [5177] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിൻവലിച്ച ക്രിമിനൽ കേസുകൾ എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പിൻവലിക്കപ്പെട്ട കേസുകളിൽ പ്രതിസ്ഥാനത്ത് ഉണ്ടായിരുന്നവർ മറ്റേ തെങ്കിലും കേസുകളിൽ പ്രതികളായിരുന്നോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) ഒരേ ആളിന്റെ തന്നെ ഒന്നിൽ കൂടുതൽ കേസുകൾ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ ആരുടെയൊക്കെ എത്ര കേസ്സുകൾ എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly